# നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു

## മത്തായി 5:13

"നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. ഉപ്പു കാരമില്ലാതെ പോയാൽ എന്തൊന്നുകൊണ്ടു രസം വരുത്താം? പുറത്തു കളഞ്ഞിട്ടു മനുഷ്യൻ ചവിട്ടുവാൻ അല്ലാതെ മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല."

യേശുകർത്താവ് തന്റെ ഗിരിപ്രഭാഷണത്തിലൂടെ ആയിരക്കണക്കിന് മൊഴിമുത്തുകൾ പകർന്നുകൊടുക്കുന്നതായി കാണാം. ജീവിത നവീകരണത്തിന് ആവശ്യമായ അനേക സാദൃശ്യങ്ങളും ഉപമകളും യേശു പഠിപ്പിച്ചു. അപ്രകാരമുള്ള ഒരു സാദൃശ്യമാണ് ഇന്നത്തെ ചിന്താവിഷയം. "നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു" ഇവിടെ നിങ്ങൾക്ക് താല്പര്യമുണ്ടെങ്കിൽ അങ്ങനെ ആകാം എന്നല്ല. നിങ്ങൾ ആരായിരിക്കുന്നുവോ അത് കർത്താവ് വ്യക്തമായി വെളിപ്പെടുത്തുന്നു. തന്റെ ശിഷ്യന്മാർ ലോകത്തിന്റെ ഉപ്പാകുന്നു എന്ന് ഉറപ്പിച്ച് പ്രഖ്യാപിക്കുന്നു.

ഉപ്പ് ദൈനംദിന ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകം ആകുന്നുവല്ലോ. പഴയ നിയമകാലത്ത് ഭോജനയാഗത്തിന് ഉപ്പ് നിർബന്ധമായും ചേർത്തിരിക്കണം എന്നത് യഹോവയുടെ കല്പന ആയിരുന്നു (ലേവ്യപുസ്തകം 2:13). അതുപോലെ 2 ദിനവൃത്താന്തം 13:5 ൽ കാണുന്നു. "യിസ്രായേലിന്റെ ദൈവമായ യഹോവ യിസ്രായേലിലെ രാജത്വം ഒരു ലവണ നിയമത്താൽ ദാവീദിനും അവന്റെ പുത്രന്മാർക്കും തന്നേ, സദാകാലത്തേക്കു നൽകിയിരിക്കുന്നു എന്നു നിങ്ങൾ അറിയേണ്ടതല്ലയോ?" ഇവിടെ മാറ്റമില്ലാത്ത ഉറപ്പിനെയും, ഉടമ്പടിയേയും സൂചിപ്പിക്കാൻ യിസ്രായേൽ മക്കൾക്ക് ലവണനിയമം ഉണ്ടായിരുന്നു എന്ന് മനസ്സിലാക്കാം.

സമുദ്രജലം ബാഷ്പീകരിച്ച് ഉപ്പെടുക്കുന്നു എന്ന് നമുക്കറിയാം. അതുപോലെ ഈ ലോകത്തിന്റെ ഇമ്പങ്ങളിൽ നിന്നും, പാപഭാരങ്ങളിൽ നിന്നും ബാഷപീകരിച്ച്, ക്രിസ്തുവിനായി ദൈവമക്കളെ വേർതിരിച്ചിരിക്കുന്നു. അവരോട് കർത്താവ് പറയുന്നു 'നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു', ഉപ്പിനെ എത്ര പൊടിച്ചാലും അവ അതിന്റെ Crystalline Shape നഷ്ടപ്പെടുത്തുന്നില്ല. ഏതു സാഹചര്യങ്ങളുടെ സമ്മർദ്ധങ്ങളും ദൈവപൈതലിനെ കീഴ്പെടുത്താൻ ശ്രമിച്ചാലും, ക്രിസ്തുവിലുള്ള വിശ്വാസത്തിൽ നിന്നും അടിസ്ഥാന വിശ്വാസപ്രമാണത്തിൽ നിന്നും വ്യതിചലിക്കാതെ നിലനിൽക്കേണ്ട ആവശ്യം ഇവിടെ വ്യക്തമാക്കുന്നു. നശിച്ചുകൊണ്ടിരിക്കുന്ന ലോകത്തിന് നമ്മിലുള്ള ക്രിസ്തുവിന്റെ രൂപവും

ഭാവവും ദർശിക്കുവാൻ കഴിയണം. **Philippians 2:5** വാക്യം അതുതന്നെ നമ്മോടു സംസാരിക്കുന്നു. പാപ പങ്കിലമായ ലോകത്തിൽ നാം ന്യൂനപക്ഷമെങ്കിലും ദൈവത്തിന്റെ സ്വഭാവം മാറ്റമില്ലാതെ മുറുകെ പിടിക്കുവാൻ കഴിയണം. പിന്നീട് നാം നോക്കിയാൽ ഉപ്പ് ആഹാരപദാർത്ഥത്തിന് രുചി വരുത്തുന്നു. ഉപ്പിന്റെ ഏറ്റക്കുറച്ചിൽ ഒരു ഭക്ഷണത്തിന്റെ രുചിയെത്തന്നെ മാറ്റിക്കളയും. 'ഉപ്പിന്റെ കാരഗുണം' ആണ് അതിന്റെ രുചി കൂട്ടുന്നത്. അതേ, ദൈവ മക്കൾക്കും ഇതുപോലൊരു ഗുണം ജീവിതത്തിൽ പ്രദർശിപ്പിക്കുവാൻ കഴിയണം. പാപത്താൽ നിറയപ്പെട്ട് അകൃത്യങ്ങളും അധർമ്മങ്ങളും പെരുകുന്ന ലോകത്തിന്റെ മധ്യേ, ദൈവസ്വഭാവവും ദൈവീകമായ രുചിയും വിതറാൻ നമുക്ക് സാധിക്കുന്നുണ്ടോ? അതോ ലോകത്തിന്റെ ഒഴുക്കിനൊത്ത് നാമും തുഴയുകയാണോ? സൂര്യതാപവും മഴയും തുടർച്ചയായി ഏറ്റാൽ ഉപ്പിന്റെ ഗുണം നഷ്ടപ്പെടും. ലോക ജീവിതത്തിന്റെ താപവും മഴയുമാകുന്ന അനേകം ദുഷ്ടതയുടെയും അകൃത്യങ്ങളുടെയും പാപങ്ങളുടെയും ഇടയിലാണ് നാം വസിക്കുന്നത്. ലോകത്തിലെങ്കിലും ലോകക്കാരല്ലാത്ത ഒരു തലത്തിലേക്ക് മാറ്റപ്പെടണം എന്ന കർത്താവിന്റെ വാക്കുകൾ നമുക്ക് ഓർക്കാം. അനേക ദുരുപദേശങ്ങൾ, വീണുപോകാൻ ഏറെ സാധ്യത ഒരുക്കിത്തരുന്ന സാഹചര്യങ്ങൾ, ഇതിന്റെയൊക്കെ നിരന്തരമായ സ്വാധീനം പ്രത്യക്ഷമായോ, പരോക്ഷമായോ ഒരു ദൈവപൈതലിന്റെ ഗുണം നഷ്ടപ്പെടുത്താൻ ഇടയാക്കരുത്. സത്യത്തിൽ നിന്നും മാറിപ്പോകാൻ ഇടയാകരുത് എന്ന് വ്യക്തം. യിസ്രായേൽ മക്കളുടെ കാലത്ത് ശീതീകരണ മാർഗ്ഗം ഇല്ലാതിരുന്നതുകൊണ്ട് ഉപ്പ് ഒരു **Preservative** ആയി ധാരാളം ഉപയോഗിച്ചിരുന്നു. ഇന്നും നാം ഉപയോഗിക്കുന്നു. ചീഞ്ഞഴുകുന്ന ലോകത്തിന് ഒരു **Preservative** ആയിരിപ്പാൻ കർത്താവ് നമ്മെ ഉപയോഗിക്കട്ടെ. മാത്രമല്ല, അന്നത്തെ കാലത്ത് ഉപ്പ് വളരെ മൂല്യമുള്ള ഒരു വസ്തു കൂടി ആയിരുന്നു. ഇന്ന് സ്വർണ്ണത്തിന്റെയോ വെള്ളിയുടെയോ മൂല്യം അനുസരിച്ച് നാണയവില നിശ്ചയിക്കുന്നതുപോലെ, അന്ന് ഉപ്പിന്റെ മൂല്യം അനുസരിച്ചായിരുന്നു നാണയത്തിന്റെ വിലയും കല്പിച്ചിരുന്നത്.

അതുകൊണ്ട് ബാഹ്യരൂപമോ ഭാവമോ അല്ല ദൈവപൈതലിന്റെ മൂല്യം നിർണ്ണയിക്കുന്നത്. അതേ, അവന്റെ ഉള്ളിലുള്ള രുചി, മാധുര്യം, നറുഗുണം, യേശുകർത്താവിന്റെ എല്ലാമെല്ലാം ജീവിതത്തിൽ വെളിപ്പെടുത്തുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. ഉപ്പ് അതിന്റെ സ്വഭാവം, കാരഗുണം കാണിച്ചില്ലെങ്കിൽ അത് പുറത്ത് കളഞ്ഞ് മനുഷ്യൻ ചവിട്ടുവാൻ അല്ലാതെ ഉപയോഗപ്പെടുന്നില്ലല്ലോ. യേശുകർത്താവിന്റെ സ്നേഹവും, കരുതലും, അവന്റെ അന്തഃസത്ത മുഴുവൻ ജീവിതത്തിൽ ഏറ്റെടുക്കുവാൻ കൃപയ്ക്കായി പ്രാർത്ഥിക്കാം. ഉപ്പ് പുറംപറമ്പിൽ എറിഞ്ഞു കളഞ്ഞതുപോലെ ന്യായവിധിനാളിൽ ഒരുവൻപോലും ദൈവ സന്നധിയിൽ നിന്നും നഷ്ടപ്പെട്ടുപോകുവാൻ ഇടയാകാതെ നമ്മുടെ ജീവിതത്തെ

പൂർണ്ണമായി ദൈവസമക്ഷം സമർപ്പിക്കാം. നിയന്ത്രണം അവൻ ഏറ്റെടുക്കട്ടെ. രുചിയുള്ള, മണമുള്ള, ഗുണമുള്ള ദൈവപൈതലായി യേശു കർത്താവിനോട് ചേർന്ന് നമുക്ക് ജീവിക്കാം.

സിസ്റ്റർ ബിന്ദു റെജി അനമുക്ക് യ്മനം 149